**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 812** **14-01-2021 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ആദിവാസി കോളനികളിലെ ആത്മഹത്യ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. തോമസ്** | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | ഇടുക്കി ജില്ലയിലെ ആദിവാസി കോളനികളിൽ ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം വർദ്ധിച്ച് വരുന്നതായ റിപ്പോർട്ടുകൾ ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ; | (എ) | ഇടുക്കി ജില്ലയിൽ അടുത്തടുത്ത ദിവസങ്ങളിൽ 3 പട്ടികവർഗ്ഗക്കാർ ആത്മഹത്യ ചെയ്ത കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആത്മഹത്യയുടെ കാരണങ്ങൾ അറിവായിട്ടില്ല. |
| (ബി) | ഈ വർഷം അടിമാലി കുരങ്ങാട്ടി ആദിവാസി കോളനി, തട്ടേകണ്ണൻ കുടി, കുളമാൻ കുഴി എന്നിവിടങ്ങളിൽ തുടർച്ചയായി ആത്മഹത്യ നടന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആത്മഹത്യയുടെ കാരണം എന്തെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഇടുക്കി ജില്ലയിൽ അടുത്തടുത്ത ദിവസങ്ങളിൽ 3 പട്ടികവർഗ്ഗക്കാർ ആത്മഹത്യ ചെയ്ത കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആത്മഹത്യയുടെ കാരണങ്ങൾ അറിവായിട്ടില്ല. |
| (സി) | ആദിവാസി മേഖലയിലെ ലഹരി ഉപയോഗവും, മദ്യപാനശീലവും ആതമഹത്യയ്ക്ക് കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര ഇടപെടൽ വകുപ്പിന്റെ ഭാഗത്ത് നിന്നും ഉണ്ടാകുമോ എന്നറിയിക്കാമോ? | (സി) | മദ്യപാനത്തിന്റെയും ലഹരിവസ്തുക്കളുടെ ഉപയോഗത്തിന്റെയും ദൂഷ്യവശങ്ങളെ കുറിച്ച് പട്ടികവർഗ വികസന വകുപ്പും എക്സൈസ് വകുപ്പും സംയുക്തമായി പട്ടികവർഗ്ഗ മേഖലകളിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. സ്കൂൾ തലത്തിൽ കൗൺസലിങ്ങും ദൃശ്യമാധ്യമങ്ങൾ ഉപയോഗിച്ചുള്ള ബോധവത്കരണവും നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ